## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾ- സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3888/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,29.12.2015

---

പരാമർശം : 1. ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29.10.2014 – ലെ ബി4-2012/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 25.07.2015 – തിയതിയിലെ എം3/45755/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.11.2015 – തിയതിയിലെ കെ.എസ്.എ.10941/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസിന് അനുവദിക്കപ്പെട്ട 3500 വാട്ട് കണക്റ്റഡ് ലോഡിനു പകരം കൂടുതൽ വൈദ്യുതി ഉപഭോഗം കണ്ടെത്തിയിരുന്നതിനാൽ ഈയിനത്തിൽ അധികമായി ഉപയോഗിച്ച യഥാക്രമമുള്ള 47,800 രൂപാ (നാൽപ്പത്തിയേഴായിരത്തി എണ്ണൂറ് മാത്രം), 35,985 രൂപാ (മുപ്പത്തിഅയ്യായിരത്തി തൊള്ളായിരത്തി എൺപത്തിയഞ്ച് മാത്രം) എന്നിവയുടെ ചെലവ് 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് കെട്ടിടം നിർമ്മിച്ച കാലത്ത് 3500 വാട്ട് കണക്റ്റഡ് ലോഡായിരുന്നു ഉണ്ടായിരുന്നതെന്നും അതിനു ശേഷം പഞ്ചായത്ത് കെട്ടിടത്തിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുവാൻ ആരംഭിച്ചുവെന്നും ആയതിനാൽത്തന്നെ ഇലക്ട്രിസിറ്റി ചാർജ് ക്രമാതീതമായി കൂടിയതിനാൽ അധികമായി വന്ന തുക പിഴയിനത്തിൽ അടക്കേണ്ടി വന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സാങ്കേതികമായി പാലിക്കേണ്ട നിയമങ്ങൾ അറിയാതിരുന്നതുകൊണ്ടാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും പുതിയ മീറ്റർ സ്ഥാപിച്ച് താരിഫ് മാററി വൈദ്യുതി ഉപയോഗം ക്രമീകരിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം

കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് പണം ചെലവഴിച്ചിരിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ കത്ത് എന്നിവയിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയിരുന്ന യഥാക്രമമുള്ള 47,800 രൂപാ (നാൽപ്പത്തിയേഴായിരത്തി എണ്ണൂറ് മാത്രം), 35,985 രൂപാ (മുപ്പത്തിഅയ്യായിരത്തി തൊള്ളായിരത്തി എൺപത്തിയഞ്ച് മാത്രം) എന്നിവയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ